(ബി) 3 വർഷത്തിൽകൂടുതൽ ഒരേ സ്ഥാപനത്തിൽ തുടർച്ചയായി ജോലി ചെയ്തുവരുന്നവരെ അപേക്ഷിക്കാതെ തന്നെ കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) പരാതി നൽകിയ ജെ.പി.എച്ച്.എൻ.മാരുടെയും ജെ.എച്ച്..ഐ. മാരുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 'സി' -യും 'ഡി'-യുമായി ചേർത്തിട്ടുണ്ട്.*

(ഡി) പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്.

(ഇ) അത്തരത്തിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(എഫ്) ഉണ്ട്. ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ തസ്തികകളുടെ സ്പെഷ്യൽ റൂൾസിലെ ഉത്തരവുകൾ യഥാക്രമം അനുബന്ധം 'ഇ'-യും 'എഫ്' -ഉം ആയി ചേർത്തിട്ടുണ്ട്.*

താൽക്കാലിക സർവ്വീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രൊമോഷൻ

50 (6755) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ 1-1-1990-ൽ താൽക്കാലിക സർവ്വീസിൽ കയറിയ അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ കോടതി ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് സർവ്വീസ് റഗുലറൈസ് ചെയ്യുകയും അതുവഴി പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതു പുനഃപരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലിക സർവ്വീസിൽനിന്നും നീക്കം ചെയ്ത നാല് വർഷക്കാലയളവ് റീവായി അനുവദിച്ചിട്ടുണ്ടോ ; ഇതു നിയമാനുസൃതമാണോ ; ഇതു പുനഃപരിശോധിക്കുമോ ; റീവ് കാലയളവ് പ്രൊമോഷനുള്ള സർവ്വീസിൽ കണക്കാക്കി പ്രൊമോഷൻ നൽകുകയും ഒരു വകുപ്പിലധികം രൂപ അരിയർ എഴുതി നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതു നിയമാനുസൃതമല്ലെങ്കിൽ പുനഃപരിശോധിക്കുമോ ;

(സി) പി.എസ്.സി. പരീക്ഷ പാസ്സാകാതെ മാനുഷിക പരിഗണനയിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2003-ൽ സർവ്വീസിൽ കയറിയവരെ 1993-ൽ പി.എസ്.സി. മുഖേന സർവ്വീസിൽ കയറിയവരെ മറികടന്നു പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; ഇതു പുനഃപരിശോധിക്കുമോ ;

(ഡി) ഏതെങ്കിലും കാറ്റഗറിയിൽ താൽക്കാലിക സർവ്വീസിൽ പ്രവേശിച്ചവർക്കു പ്രസ്തുത തീയതി വച്ചു സർവ്വീസ് റഗുലറൈസ് ചെയ്തു പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താൽക്കാലിക സർവ്വീസിൽ കയറിയ 3 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ 22-4-2003 തീയതിയിലെ സുപ്രീം കോടതി വിധി (WP(C)326/99 സിവിൽ അപ്പീൽ 1904/2000) ക്കനുസരണമായി പുറപ്പെടുവിച്ച സ.ഉ(ആർറ്റി.)1456/04/ആകുവ പ്രകാരവും രണ്ടുപേരെ സ.ഉ. 1984/12/ആകുവ പ്രകാരവും താൽക്കാലിക സർവ്വീസിൽ പ്രവേശിച്ച 1-1-1990 മുതൽ റഗുലറൈസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റിയും പ്രൊമോഷനും നൽകുകയും ചെയ്തിട്ടുണ്ട്. ആയത് നിയമാനുസൃതമാകയാൽ പുനഃപരിശോധിക്കേണ്ടതില്ല.

(ബി) ലീവായി അനുവദിച്ചിട്ടില്ല. പ്രസ്തുത കാലയളവ് നോൺ ഡ്യൂട്ടി യായാണ് റഗുലറൈസ് ചെയ്തിട്ടുള്ളത്. നോൺ ഡ്യൂട്ടിയായി റഗുലറൈസ് ചെയ്തതിനാൽ ശമ്പള കുടിശ്ശിക നൽകിയിട്ടില്ല. ആയത് നിയമാനുസൃതമാണ്.

(സി) റെഗുലറൈസ് ചെയ്ത തീയതി മുതൽക്ക് സീനിയോറിറ്റി നൽകേണ്ടതുള്ളതിനാൽ അപ്രകാരം നൽകി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ആയത് നിയമാനുസൃതമാകയാൽ പുനഃപരിശോധിക്കേണ്ടതില്ല.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെടുന്ന പാർട്ട്-ടൈം സ്വീപ്പർമാർക്ക് അവർ താൽക്കാലികമായി സർവ്വീസിൽ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിവരുന്നുണ്ട്. മറ്റ് തസ്തികകളിൽ അപ്രകാരമുള്ള പ്രൊമോഷനുകൾ നൽകുന്നില്ല.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള ജെ.എച്ച്.ഐ-മാർ

51 (6756) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിലെ എത്ര ജെ. എച്ച്. ഐ. ഗ്രേഡ്-II വിവിധ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇങ്ങനെ ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ ;

(സി) ഇപ്പോൾ ഇത്തരത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ജി.ഒ. 580/13 നമ്പർ തീയതി 28-11-2013 പ്രകാരം അനുവദിക്ക പെട്ടിട്ടുള്ള സമാന ശമ്പള സ്കെയിലുകളുള്ള തസ്തികകളിലേക്ക് മാത്രമേ ഡെപ്യൂട്ടേഷൻ അനുവദിക്കാവൂ എന്ന് ധനകാര്യവകുപ്പ് ആരോഗ്യ ഡയറക്ട റോട് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഡെപ്യൂട്ടേഷനിൽ തുടരുന്ന ജീവനക്കാർക്ക് എക്സ്റ്റെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly